വനിതാ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യാവുന്ന കേസുകൾ

163 (7726) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യാവുന്ന കേസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ലോക്കൽ സ്റ്റേഷനുകൾ പോലെ എല്ലാ ക്രൈം കേസുകളും വനിതാ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്നതിനും അന്തിമ റിപ്പോർട്ട് കോടതിക്ക് അയയ്ക്കുവാനുള്ള അധികാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വനിതകൾ വാദിയും പ്രതിയുമായിട്ടുള്ള കേസുകൾ വനിതാ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തുവരുന്നു.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. വനിതകൾ മാത്രമുള്ള പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിതമാകുമ്പോൾ ഇത് പരിഗണിക്കുന്നതാണ്.

വനിതാ സഹായ ഡസ്ക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

164 (7727) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വനിതാ സഹായ ഡസ്കുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ വനിതാ പോലീസുകാർ ഉണ്ടോ ;

(ബി) വനിതാ സഹായ ഡസ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വനിതാ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് വനിതാ പോലീസ് ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 120 വനിതാ സി.പി.ഒ.-മാരുടേയും 60 വനിതാ എസ്.ഐ.-മാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വനിതാ സഹായ ഡസ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വനിതകൾക്കായി ഹെൽപ്പ് ഡെസ്കുകൾ 350 പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ സേവനം ഉറപ്പ് നൽകുന്ന ഇത്തരം ഹെൽപ്പ് ഡെസ്കുകളിലൂടെ വനിതകൾക്ക് നിർഭയം പരാതി നൽകുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ, ഐ.സി.റ്റി. എനേബിൾഡ്

LIBRARY ARCHIVES Kerala Legislative Assembly